റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) മൽസ്യത്തൊഴിലാളി സമൂഹത്തിന്റെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിന് ഉതകുന്ന ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.

(ബി) ഇവയ്ക്കു പ്രവർത്തനത്തിനു പദ്ധതിവിഹിതവും ധനസഹായ സ്ഥാപനങ്ങളിൽ നിന്നു കിട്ടാവുന്ന വായ്പകളും പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

നഗരങ്ങളിലെ കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം

* 559 [608] ശ്രീ. എ. കെ. ശശീന്ദ്രൻ:
,, എം. എം. ഹസ്സൻ:
,, എം. സി. ചെറിയാൻ:
,, പി. കെ. വേലായുധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് നിശ്ചയിക്കുന്നതിന് വ്യക്തമായ നിയമം നിലവിലുണ്ടെങ്കിൽ അതിനെ അതിലംഘിച്ചുകൊണ്ട് അമിത വാടക ഈടാക്കിവരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ആർ. എസ്. ഉണ്ണി):

(എ) കെട്ടിട ഉടമയുടെയോ, വാടകക്കാരന്റെയോ അപേക്ഷ അനുസരിച്ച് ആവശ്യമെന്നു തോന്നുന്ന അന്വേഷണം നടത്തിയശേഷം ബന്ധപ്പെട്ട റെന്റ് കൺട്രോൾ കോടതിയാണ് കെട്ടിട വാടക നിശ്ചയിക്കുന്നത്. വസ്തുക്കരമോ വീട്ടുകരമോ ആണ് പ്രധാനമായും വാടക നിശ്ചയിക്കുന്നതിന് കണക്കിലെടുക്കുന്നത്. വസ്തുക്കരമോ വീട്ടുകരമോ നിശ്ചയിച്ചിട്ടില്ലെങ്കിൽ ആ ദേശത്ത് നിലവിലുള്ള വാടക നിരക്കുകളുടെ അടിസ്ഥാനത്തിലും വാടക നിശ്ചയിക്കുന്നു.

(ബി) പരാതികൾ കിട്ടുന്ന മുറയ്ക്ക് അവ പരിശോധിച്ച് ന്യായമായ തീരുമാനങ്ങൾ എടുക്കാറുണ്ട്.

വിദ്യാർത്ഥികളുടെ യാത്രാസൗകര്യം

* 560 [609] ശ്രീ. സി. എം. ഷെരീഫ്:
,, വി. കെ. രാജൻ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, എം. കെ. കേശവൻ:
,, കെ. ടി. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly